LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇത്തരം നിയമങ്ങൾ ലംഘിക്കുന്നവർക്കെതിരെ എന്തു നടപടിയാണ് സ്വീകരിക്കുന്നത് ;

(ഇ) ഭൂമി നിരപ്പാക്കലിനും വയൽ നികത്തലിനും പരിസ്ഥിതി വകുപ്പ് ഏതെങ്കിലും തരത്തിലുള്ള അനുമതി നൽകേണ്ടതുണ്ടോ ; ഉണ്ടെങ്കിൽ എന്തൊക്കെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് അനുമതി നൽകുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. പരിസ്ഥിതി വകുപ്പ് കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

(ബി-ഇ) എല്ലാവിധ മണ്ണ് ഖനന പ്രവർത്തനങ്ങൾക്കും പാരിസ്ഥിതികാനുമതി ആവശ്യമാണ്. 5 ഹെക്ടറിൽ കുറഞ്ഞ പ്രദേശങ്ങൾക്ക് സംസ്ഥാന പാരിസ്ഥിതികാഘാത നിർണ്ണയ അതോറിറ്റിയും (SEIAA) 5 ഹെക്ടറും അതിൽ കൂടുതലും ഉള്ള പ്രദേശത്തിന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയവുമാണ് അനുമതി നൽകുന്നത്. SEIAA-യുടെ വെബ്സൈറ്റിൽ ലഭിക്കുന്ന ഫോറത്തിൽ ആവശ്യമായ രേഖകളും ശുപാർശകളും സഹിതം അപേക്ഷ സമർപ്പിച്ചാൽ അപേക്ഷ പരിശോധിച്ച് വിലയിരുത്തി അനുമതി നല്കുന്ന കാര്യത്തിൽ ആവശ്യമായ നടപടികൾ എടുക്കുന്നതാണ്. അനധികൃത ഖനന പ്രവർത്തനങ്ങൾ നടത്തുന്നവർക്കെതിരെ കേസെടുക്കാനുള്ള അധികാരം ജില്ലാ കളക്ടർമാർക്കും പോലീസ് സൂപ്രണ്ടുമാർക്കും മൈനിംഗ് ആന്റ് ജിയോളജി വകുപ്പിനുമുണ്ട്.

### പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്ന പദ്ധതി

261 (5192) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്ന പദ്ധതിയിൽ ഏതെല്ലാം സർക്കാർ വകുപ്പുകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത് ;

(ബി) എത്ര വൃക്ഷങ്ങൾ വയ്ക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത് ;

(സി) ഇതിനാവശ്യമായ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്ന പദ്ധതിയിൽ വിദ്യാഭ്യാസം, റവന്യൂ, കൃഷി, നീതിന്യായം, കോടതി, കെ.എസ്.ഇ.ബി., തദ്ദേശസ്വയംഭരണം, പൊതുമരാമത്ത്, ആരോഗ്യം, ജലസേചനം, പോസ്റ്റൽ വകുപ്പ്, പോലീസ്, തപാൽ, ടൗൺ പ്ലാനിംഗ്, സായുധസേന, റെയിൽവേ, യൂണിവേഴ്സിറ്റി തുടങ്ങിയ സർക്കാർ വകുപ്പുകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

891/2015

(ബി) ലോക പരിസ്ഥിതിദിനമായ ജൂൺ 5-ന് 10.30 മുതൽ 11.30 വരെയുള്ള ഹരിത സമയത്ത് സംസ്ഥാനത്തൊട്ടാകെ 10 ലക്ഷം വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്.

(സി) 2406-01-800-55-01 Extension Forestry (PLAN) എന്ന ശീർഷകത്തിൽ സാമൂഹ്യവനവൽക്കരണ വിഭാഗത്തിന് സംസ്ഥാന സർക്കാർ വിഹിതമായി 11 കോടി രൂപ അനുവദിച്ചിരുന്നു. ഹരിതശ്രീ പദ്ധതിയുമായി ബന്ധപ്പെട്ട് ഇതുവരെയ്ക്കുമുള്ള ചെലവുകൾ ടി ബഡ്ജറ്റ് ഹെഡ്ഡിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കിയത്. പ്രസ്തുത പദ്ധതിക്ക് വകയിരുത്തിയിട്ടുള്ള ആകെ വിഹിതത്തിൽ അധിക കേന്ദ്ര സഹായമായ 2 കോടി രൂപ വിനിയോഗിച്ച് സാമൂഹ്യവനവൽക്കരണത്തിന്റെ ഭാഗമായുള്ള വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുകയും, സംരക്ഷിക്കുകയും ചെയ്യുന്നവരുടെ 'ഹരിതശ്രീ സഹകരണ സംഘങ്ങൾ' സംസ്ഥാനത്ത് ആരംഭിക്കുവാൻ ലക്ഷ്യമിടുന്നുണ്ട്. ഇതിലേക്കുള്ള വിശദമായ പദ്ധതിരേഖ തയ്യാറാക്കിവരുന്നതേയുള്ളൂ.

**കടലാക്രമണത്തിൽനിന്നും കരയെ സംരക്ഷിക്കുന്നതിനുള്ള നടപടി**

**262 (5193)** പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടലാക്രമണംമൂലം കരഭൂമി നശിക്കുന്നതിന്റെ കാരണമായ പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ കടലാക്രമണത്തിനെതിരെ ശാശ്വതമായ പരിഹാരത്തിന് ദീർഘവീക്ഷണമുള്ള നിർദ്ദേശങ്ങൾ പരിസ്ഥിതി വകുപ്പിന്റെ പക്കലുണ്ടോ ?

**ഉത്തരം**

(എ) പരിസ്ഥിതി വകുപ്പ് പഠനം നടത്തിയിട്ടില്ല.

(ബി) ബാധകമല്ല.

**പരിസ്ഥിതി വകുപ്പിന് പദ്ധതിയിനത്തിൽ അനുവദിച്ച തുക**

**263 (5194)** ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14 സാമ്പത്തിക വർഷത്തിൽ പരിസ്ഥിതി വകുപ്പിന് പദ്ധതിയിനത്തിൽ എത്ര തുക വകയിരുത്തിയിരുന്നുവെന്ന് അറിയിക്കുമോ ;

(ബി) ഇതിൽ എത്ര തുക ചെലവഴിച്ചുവെന്ന് അറിയിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly